ഇസ്‌ലാഹിയ മീഡിയ അക്കാഡമി മന്ത്രി എളമരം കരീം ഉദ്ഘാടനം ചെയ്യും

ചേന്ദമംഗല്ലൂർ : ഇസ്‌ലാഹിയ മീഡിയ അക്കാഡമിയുടെ ഔപചാരിക ഉദ്ഘാടനം ഒക്ടോബർ 25 ന് . വ്യവസായ വകുപ്പ് മന്ത്രി. എളമരം കരീം നിർവഹിക്കുന്നു. ഇന്ത്യാവിഷൻ എക്സിക്യൂട്ടീവ് എഡിറ്റർ ശ്രീ നികേഷ് കുമാർ മുഖ്യാതിഥിയായിരിക്കും.

ഉദ്ഘാടന പരിപാടിയുടെ സ്വാഗതസംഘം ചെയർമാനായി ഒ. അബ്ദുറഹിമാൻ, ജനറൽ കൺവീനറായി റഫീഖ് ചെറുകാരിയെയും ഇവന്റ് മാനേജ്മെന്റ്, റിസപ്ഷൻ, സ്റ്റേജ്, ലൈറ്റ് ആന്റ് സൗ, റഫ്രഷ്മെന്റ്, പബ്ലിസിറ്റി, പബ്ലിക് റിലേഷൻ, ഫിലിം ഷോ എന്നീ വകുപ്പ് കൺവീനർമാരായി യഥാക്രമം ഹസനുൽ ബന്ന, നസീം. സി.കെ, സുനിൽ. കെ, യു. പി. ഷൗക്കത്ത്, മാഹിർ. പി, ഫൗസി. കെ. ടി, സിദ്ദീഖ്. കെ. വി എന്നിവരെ നിശ്ചയിച്ചു.

ഒ. അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ച യോഗത്തിൽ കെ. സുബൈർ സ്വാഗതവും മുർഷിദ്. കെ. ടി നന്ദിയും പറഞ്ഞു.